# ഇന്ന് സുപ്രധാന ദിനമെന്ന് പ്രധാനമന്ത്രി

## ■ ലോക്സഭയിൽ അവിശ്വാസ പ്രമേയ ചർച്ച തുടങ്ങി

ന്യൂഡൽഹി: ഇന്ത്യൻ പാർലമെന്ററി ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം ഇന്ന് സുപ്രധാന ദിനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

തന്റെ ട്വിറ്ററിലൂടെയാണ് ഇന്ന് ലോക്സഭയിൽ നടക്കുന്ന അവിശ്വാസ പ്രമേയ ചർച്ചയെ മുൻനിർത്തി പ്രധാനമന്ത്രി പോസ്റ്റ് ഇട്ടത്.

'നമ്മുടെ പാർലമെന്ററി ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം ഇന്ന് സുപ്രധാന ദിവസമാണ്.

സമഗ്രവും ക്രിയാത്മകവും തടസ്സമില്ലാത്തതുമായ ഒരു ചർച്ചയ്ക്ക് എന്റെ സഹപ്രവർത്തകർ ഈ അവസരം ഉപയോഗപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന് രാജ്യത്തെ ജനങ്ങളോടും ഭരണഘടനയോടും നാം കടപ്പെട്ടിരിക്കുന്നു. ഇന്നത്തെ ദിവസം ജനങ്ങൾ വളരെ ശ്രദ്ധയോടെയാണ് വീക്ഷിക്കുന്നത്' ഇതായിരുന്നു പ്രധാനമന്ത്രിയുടെ ട്വീറ്റ്.



നരേന്ദ്ര മോദി



Narendra Modi
@narendramodi

Today is an important day in our Parliamentary democracy. I am sure my fellow MP colleagues will rise to the occasion and ensure a constructive, comprehensive & disruption free debate. We owe this to the people & the makers of our Constitution. India will be watching us closely.

7:36 AM - Jul 20, 2018

9,475 4,121 people are talking about this

നരേന്ദ്ര മോദിയുടെ ട്വീറ്റ്

നരേന്ദ്രമോദി സർക്കാരിനെതിരെയുള്ള ആദ്യ അവിശ്വാസപ്രമേയമാണിത്.

പ്രമേയത്തിൻമേലുള്ള ചർച്ചയ്ക്കും വോട്ടെടുപ്പിനുമായി ഇന്നത്തെ സമ്മേളനം പൂർണമായി നീക്കിവച്ചിട്ടുണ്ട്.

നേതാക്കളുടെ പ്രസംഗത്തിനു ശേഷം വൈകുന്നേരത്തോടെ പ്രധാനമന്ത്രി നരേന്ദ്രമോദി മറുപടി പറയും. തുടർന്ന് വോട്ടെടുപ്പ് നടക്കും.

ഒന്നര പതിറ്റാണ്ടിന് ശേഷമാണ് അവിശ്വാസ പ്രമേയം ലോക്സഭയിൽ വരുന്നത്.

മോദി സർക്കാർ അവിശ്വാസ പ്രമേയത്തെ അതിജീവിക്കുമെന്ന് ഉറപ്പാണ്.

271 അംഗങ്ങളുള്ള ബി.ജെ.പിക്ക് അണ്ണാ ഡിഎംകെ പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. ശിവസേനയുടെ പിന്തുണ ഉറപ്പാക്കിയെങ്കിലും ഇന്നരാവിലെ പാർട്ടിയിൽ ചാഞ്ചാട്ടം ഉണ്ടായതായി റിപ്പോർട്ടുകൾ പുറത്തുവന്നു.

സ്പീക്കറെ കൂടാതെ 533 അംഗങ്ങളാണ് ലോക്സഭയിലുള്ളത്. ഭൂരിപക്ഷത്തിന് വേണ്ട മാന്ത്രിക സഖ്യ 268. 348ൽ അധികം വോട്ടാണ് ബി.ജെ.പി പ്രതീക്ഷിക്കുന്നത്. ബി.ജെ.ഡിയുടെ കൂടി പിന്തുണ ലഭിച്ചാലും പ്രതിപക്ഷത്തിനു പരമാവധി ലഭിക്കുക 185 വോട്ടാണ്.

മോദി സർക്കാരിന്റെ ഭരണ പരാജയം തുറന്നുകാട്ടാനാകും ഇന്ന് ചർച്ചയിൽ പ്രതിപക്ഷം ശ്രമിക്കുക.

എന്നാൽ, ഭരണനേട്ടങ്ങൾ എടുത്തുകാട്ടിയാകും ഭരണപക്ഷം അതിനെ നേരിടുക.

# ക്ഷേത്രത്തിൽ പൂജാരി മാനഭംഗപ്പെടുത്തി

## ■ രണ്ട് പെൺകുട്ടികളുടെ പരാതി

പനാജി: തെക്കൻ ഗോവയിലെ ശ്രീമാംഗ്വയേഷി ക്ഷേത്രത്തിലെ പൂജാരി മാനഭംഗപ്പെടുത്തിയെന്ന് രണ്ട് പെൺകുട്ടികളുടെ പരാതി. അമേരിക്കയിൽ എം.ബി.ബി.എസിന് പഠിക്കുന്ന വിദ്യാർത്ഥിനിയും മുംബയ് നിവാസിയുമായ പെൺകുട്ടിയുമാണ് പരാതി നൽകിയത്. ജൂൺ 14, 22 തിയതികളാണ് സംഭവം നടന്നത്.

മാതാപിതാക്കളോടൊപ്പമാണ് ആദ്യ പെൺകുട്ടി ക്ഷേത്രത്തിലെത്തിയത്. അമ്മയോടൊപ്പം പ്രദക്ഷിണം വയ്ക്കുമ്പോൾ പൂജാരി തന്നെ ഒറ്റയ്ക്ക് വിളിച്ചുവരുത്തി മാനഭംഗപ്പെടുത്തുകയായിരുന്നെന്ന് പരാതിയിൽ പറയുന്നു.



മാതാപിതാക്കൾ ശ്രീകോവിലിന് മുൻപിൽ പൂജ ചെയ്യുമ്പോൾ പുറത്തുനിന്ന തന്നെ പൂജാരി ദുരുദ്ദേശ്യത്തോടെ സ്പർശിക്കുകയും മറ്റൊരു സ്ഥലത്തേക്ക് ഒറ്റയ്ക്കു വിളിച്ചുവരുത്തി മാനഭംഗപ്പെടുത്തുകയുമായിരുന്നെന്ന് രണ്ടാമത്തെ പെൺകുട്ടി നൽകിയ പരാതിയിൽ പറയുന്നു.

സംഭവത്തിൽ ഇരുവരും ക്ഷേത്രം ഭാരവാഹികൾക്ക് പരാതി നൽകിയിരുന്നു. എന്നാൽ, തെളിവില്ലെന്ന് പറഞ്ഞ് അധികൃതർ കൈയൊഴിഞ്ഞെന്നാണ് പെൺകുട്ടികളുടെ ആരോപണം.

ക്ഷേത്രപരിസരത്തെ സി.സി ടി.വി ദൃശ്യങ്ങളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തണമെന്നാണ് ഇവരുടെ ആവശ്യം.

രണ്ടാമത്തെ പരാതി കിട്ടിയപ്പോൾ അടിയന്തരയോഗം വിളിക്കുകയും പൂജാരിയുടെ മൊഴിയെടുക്കാൻ തീരുമാനിക്കുകയും ചെയ്തതായി ക്ഷേത്രം മാനേജ്മെന്റ് കമ്മിറ്റി സെക്രട്ടറി പറഞ്ഞു. എന്നാൽ, രണ്ട് കേസുകളിലും വിശ്വസനീയമായ തെളിവ് ലഭിച്ചില്ലെന്നും അധികൃതർക്ക് പരാതി കൈമാറാൻ ഇ-മെയിൽ വഴി നിർദേശിച്ചുവെന്നും അദ്ദേഹം വ്യക്തമാക്കി.

### അച്ഛനെപ്പോലെ മകനും

# ആദ്യ കളിയിൽ 'പൂജ്യ'നായി അർജുൻ തെണ്ടുൽക്കർ

കൊളംബോ: ശ്രീലങ്കയ്ക്കെതിരെ ഇന്ത്യയുടെ അണ്ടർ 19 ടീമിൽ അരങ്ങേറിയ സച്ചിന്റെ മകൻ അർജ്ജുൻ തെണ്ടുൽക്കർക്ക് നിരാശാജനകമായ തുടക്കം. ആദ്യ മത്സരത്തിൽ തന്നെ 'സംപൂജ്യ'നായി മടങ്ങി. ഒൻപതാമനായി ഇറങ്ങിയ അർജ്ജുൻ 10 പന്തുകൾ നേരിട്ട ശേഷം സ്ലിപ്പിൽ ക്യാച്ച് നൽകി മടങ്ങുകയായിരുന്നു.



അർജ്ജുൻ തെണ്ടുൽക്കർ

ലങ്കൻ താരം ദുൽഷന്റെ പന്തിൽ സൂര്യ ബന്ദ്ര പിടിച്ചാണ് അർജ്ജുൻ പുറത്തായത്. ഇതോടെ ഓൾറൗണ്ടർ എന്ന നിലയിൽ പേരെടുത്ത താരത്തിന് അരങ്ങേറ്റം നിരാശാജനകമായി. 1989ൽ പാക്കിസ്ഥാനെതിരെയുള്ള അരങ്ങേറ്റ മത്സരത്തിൽ സച്ചിനും പൂജ്യത്തിന് പുറത്തായിരുന്നു. വക്കാർ യൂനിസിന്റെ പന്തിൽ വസിം അക്രത്തിന് ക്യാച്ച് നൽകിയാണ് സച്ചിൻ മടങ്ങിയത്.

നേരത്തെ ലങ്ക ബാറ്റ് ചെയ്തപ്പോൾ അർജ്ജുൻ ഒരു വിക്കറ്റ് വീഴ്ത്തിയിരുന്നു. മൂന്നാം ഓവറിൽ തന്നെ ആദ്യ വിക്കറ്റ് സ്വന്തമാക്കി അർജ്ജുൻ ഇന്ത്യയ്ക്ക് മികച്ച തുടക്കം നൽകി. ഓപ്പണറായ കാമിൽ മിഷാരയെ എൽ.ബി.ഡബ്ല്യുവിൽ കുരുക്കിയാണ് അർജ്ജുൻ തന്റെ കന്നി അന്താരാഷ്ട്ര വിക്കറ്റ് സ്വന്തമാക്കിയത്.

അതേസമയം ലങ്ക ആദ്യ മത്സരത്തിൽ 244 റൺസിന് പുറത്തായപ്പോൾ ഇന്ത്യ 589 റൺസ് സ്വന്തമാക്കി. ഇന്ത്യയ്ക്കായി തൈഡ്(113), ബഡോണി(185) എന്നിവർ സെഞ്ച്വറി നേടി.

# ലാറി നാസറിന്റെ ഇരകൾക്ക് അമേരിക്കയുടെ ആദരം

ന്യൂയോർക്ക്: ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്നവരെ ഒറ്റപ്പെടുത്തി കുരിശിലേറ്റുന്ന ലോകത്തിനെതിരെ ഇതാ ഒരു അമേരിക്കൻ മാതൃക. തങ്ങൾക്ക് നേരെയുണ്ടായ ലൈംഗികാതിക്രമത്തെക്കുറിച്ച് ലോകത്തോട് വിളിച്ചുപറയാൻ ധൈര്യം കാണിച്ച 140 സ്ത്രീകളെ അമേരിക്കൻ ബ്രോഡ്കാസ്റ്റിംഗ് ടെലിവിഷന്റെ ഈ വർഷത്തെ ഇ.എസ്.പി.വൈ (എക്സലൻസ് ഇൻ സ്പോർട്സ് പെർഫോമൻസ് ഇയർലി അവാർഡ്) പുരസ്കാരം നൽകിയാണ് അമേരിക്ക അഭിനന്ദിച്ചത്. മുൻ യു.എസ് ഒളിമ്പിക്സ് ജിംനാസ്റ്റിക്സ് ടീം ഡോക്ടർ ലാറി നാസറിന്റെ ലൈംഗികാതിക്രമത്തിന് ഇരകളായ സ്ത്രീകളാണ് ഇന്നലെ ലോസാഞ്ചൽസിലെ സ്റ്റാപ്പിൾസ് സെന്ററിൽ കൈകോർത്തത്.

ലാറി നാസറിനെ (54), ലൈംഗിക പീഡന കേസിൽ 175 വർഷവും കുട്ടികളുടെ അശ്ലീല ദൃശ്യങ്ങൾ പ്രചരിപ്പിച്ചതിന് 60 വർഷവും തടവിന് ശിക്ഷിച്ച് ആറുമാസം പിന്നിടുമ്പോഴാണ് നാസർ ലൈംഗികമായി പീഡിപ്പിച്ച സ്ത്രീകൾ പൊതുവേദിയിലെത്തിയത്. ഇവർക്കായി ഏർപ്പെടുത്തിയ ആർതർ ആഷ് കറേജ് അവാർഡ് 24 കാരിയായ അമേരിക്കൻ ജിംനാസ്റ്റും രണ്ടുതവണ ഒളിമ്പ്യനുമായ അലി റെയ്സ്മാൻ ഏറ്റുവാങ്ങി. നാസറിന്റെ ക്രൂരതയ്ക്ക് ഇരയായവർ ഇനിയുമുണ്ടാകും എന്ന് അലി റെയ്സ്മാൻ ചൂണ്ടിക്കാട്ടി.



ലാറിനാസർ

ഒരു കായിക താരമാവുക എന്ന സ്വപ്നത്തെ പേടി സ്വപ്നമാക്കുകയായിരുന്നു ലാറി നാസർ എന്ന് പുരസ്കാരം നൽകിയ ജെന്നിഫർ ഗാർനർ ഓർമ്മിപ്പിച്ചു. "1997 മുതൽ 2016 വരെ ഞങ്ങൾക്കു നേരെയുള്ള അതിക്രമങ്ങൾ വിളിച്ചു പറഞ്ഞിട്ടും ഞങ്ങളെ ഉൾക്കൊള്ളാൻ സമൂഹം തയ്യാറായില്ല. പണം കൊണ്ടും മെഡലുകൾ കൊണ്ടും പ്രശസ്തി കൊണ്ടും നിശബ്ദരാക്കാൻ ശ്രമിച്ചവരോട് ഞങ്ങൾ പൊരുതി നിന്ന് വിജയിച്ചു''- റെയ്സ്മാൻ പറഞ്ഞു.



അമേരിക്കയിൽ നടന്ന അവാർഡ് ദാന ചടങ്ങ്

### യു.എസ്.എ ജിംനാസ്റ്റിക് ലൈംഗികപീഡനം

1990 മുതൽ അമേരിക്കൻ ജിംനാസ്റ്റിക്സ് ടീം കോച്ചായിരുന്നപ്പോഴും മിഷിഗൺ യൂണിവേഴ്സിറ്റിയിൽ കോച്ചായിരുന്നപ്പോഴുമാണ് ലാറി നാസർ മെഡിക്കൽ പരിശോധനയെന്ന വ്യാജേന പീഡന പരമ്പര നടത്തിയത്. കേസിൽ 2017 നവംബറിലാണ് മുൻ യു.എസ് ഒളിമ്പിക്സ് ജിംനാസ്റ്റിക്സ് ടീം ഡോക്ടർ ലാറി നാസറിനെ കോടതി കുറ്റക്കാരനെന്ന് കണ്ടെത്തി ശിക്ഷ വിധിച്ചത്. വിധി പ്രസ്താവിക്കും നേരം ഇത് പ്രതിക്ക് മതിയായ ശിക്ഷയല്ലെന്നും തന്റെ പട്ടികളെ അഴിച്ച് വിടാൻ കഴിയാത്തതിൽ ഖേദിക്കുന്നതായും ജഡ്ജ് പറഞ്ഞിരുന്നു. സദസ് എഴുന്നേറ്റ് കൈയടികളോടെയാണ് ജഡ്ജിന്റെ ശിക്ഷാവിധിയെ സ്വാഗതം ചെയ്തത്. ഒളിമ്പിക്സ് സ്വർണ മെഡൽ ജേതാക്കളടക്കം 260 സ്ത്രീകളെയും പെൺകുട്ടികളെയുമാണ് ഇയാൾ പീഡനത്തിനിരയാക്കിയത്. ഇതിൽ മൂന്നുപേർ 16 വയസിൽ താഴെയുള്ളവരാണ്.